# Contents

Teaching manual-1....2
പ്രവർത്തനം1....2
പ്രവർത്തനം 2....3
*പട്ടിക 1....3
പ്രവർത്തനം 3....3
Teaching manual-2....4
പ്രവർത്തനം 4...(Teaching manual ലെ പ്രവർത്തനം2 ന്റെ തുടർച്ച)....4
*പട്ടിക 2....4
പ്രവർത്തനം 5....4
*പട്ടിക 3....4
പ്രവർത്തനം 6...(TB ലെ പേജ് 10 ലെ ചോദ്യം 2 ന്റെ തുടർച്ച)....5
*പട്ടിക 4....5
പ്രവർത്തനം 7....5
*പട്ടിക 5....5
പ്രവർത്തനം 8....5
*പട്ടിക 6....5
Teaching manual-3....6
*പ്രവർത്തനം 9*....6
*പട്ടിക 7....6
പ്രവർത്തനം 10....7
പ്രവർത്തനം 11....7
Teaching manual-4....8
പ്രവർത്തനം 12....8
പ്രവർത്തനം 13....8
*പട്ടിക 8....8
Teaching manual-5....9
പ്രവർത്തനം 14....9
പ്രവർത്തനം 15....9
Teaching manual-6....10
പ്രവർത്തനം 16....10
പ്രവർത്തനം 17....10
പ്രവർത്തനം 18....10
പ്രവർത്തനം 19....10
പ്രവർത്തനം 20....10
Teaching manual-7....11
പ്രവർത്തനം 21....11
പ്രവർത്തനം 22....12
Teaching manual- 8....12
പ്രവർത്തനം 23....12
പ്രവർത്തനം 24....13
*പട്ടിക 9....13
പ്രവർത്തനം 25....13
*പട്ടിക 10....13
പ്രവർത്തനം 26....13

abilashkalathil@gmail.com

## Teaching manual-1

ക്ലാസ്സ് : പത്താം തരം
വിഷയം : ഗണിതം
തിയതി

**പഠന നേട്ടങ്ങൾ**

*ശ്രേണികളുടെ നിയമം മനസിലാക്കി സംഖ്യാശ്രേണി രൂപീകരിക്കുന്നത് കുട്ടി വിശദീകരിക്കുന്നു.

**ആശയങ്ങൾ / ധാരണകൾ**

*സംഖ്യാശ്രേണികളിലെ സംഖ്യകൾ ക്രമമായെഴുതാൻ ഒരു നിയമം ആവശ്യമാണ്.

**ശേഷികൾ/ മനോഭാവങ്ങൾ/ മൂല്യങ്ങൾ**

*ഭൗതിക സാഹചര്യങ്ങളിലൂടെയും - ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ തമ്മിലുള്ള ബന്ധം മനസിലാക്കിയും ശ്രേണി രൂപീകരിക്കാനുള്ള മാർഗം കണ്ടെത്തുന്നു

*പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.

**സാമഗ്രികൾ**

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

<table>
<tr><th>പ്രക്രിയ</th><th>വിലയിരുത്തൽ</th></tr>
<tr><td>

**പ്രവർത്തനം1**

6 ഗ്രൂപ്പുകളായി തിരിക്കുന്നു

ഗ്രൂപ്പ് 1,6 – സമഭുജത്രികോണ ഗ്രൂപ്പ്




ഗ്രൂപ്പ് 2,5 – സമചതുര ഗ്രൂപ്പ്

abilashkalathil@gmail.com




</td><td></td></tr>
</table>

| പ്രക്രിയ | വിലയിരുത്തൽ |
|---|---|

ഗ്രൂപ്പ് 3,4 – സമഷഡ്ഭുജ ഗ്രൂപ്പ്




***എല്ലാ ഗ്രൂപ്പുകളോടുമായി പൊതുവായ ചോദ്യങ്ങൾ ചോദിക്കുന്നു***

? വശങ്ങളുടെ നീളങ്ങളുടെ സംഖ്യാശ്രേണി എഴുതുക

?ചുറ്റളവുകളുടെ സംഖ്യാശ്രേണി എഴുതുക

?പരപ്പളവുകളുടെ സംഖ്യാശ്രേണി എഴുതുക

**പ്രവർത്തനം 2**

***ഓരോ ഗ്രൂപ്പിലെയും സംഖ്യാശ്രേണികൾ BB ൽ പട്ടികപ്പെടുത്തുന്നു.***

***പട്ടിക 1**

| | സമഭുജത്രികോണം | സമചതുരം | സമഷഡ്ഭുജം |
|---|---|---|---|
| വശങ്ങളുടെ സംഖ്യാശ്രേണി | | | |
| ചുറ്റളവുളുടെ സംഖ്യാശ്രേണി | | | |
| പരപ്പളവുകളുടെ സംഖ്യാശ്രേണി | | | |

***ചർച്ച**

സമബഹുഭുജങ്ങൾ വ്യത്യസ്തമായിരുന്നിട്ടും ആദ്യവരിയിലെ ശ്രേണി എല്ലാവർക്കും ഒരുപോലെകിട്ടിയത് എന്തുകൊണ്ട്?

*ഒന്നാമത്തെയും രണ്ടാമത്തെയും സംഖ്യാശ്രേണികൾ തമ്മിലുള്ള ബന്ധം*

*ഒന്നാമത്തെയും മൂന്നാമത്തെയും സംഖ്യാശ്രേണികൾ തമ്മിലുള്ള ബന്ധം*

*മൂന്നുവരികളിലെയും സംഖ്യാശ്രേണികൾ രൂപപ്പെട്ടതിന്റെ ചർച്ച.*

abilashkalathil@gmail.com

***ക്രോഡീകരണം***

ഏതെങ്കിലും നിയമമനുസരിച്ച് ഒന്നാമത്തേത്, രണ്ടാമത്തേത്, മൂന്നാമത്തേത്,... എന്നിങ്ങനെ ക്രമമായി എഴുതുന്ന ഒരുകൂട്ടം സംഖ്യകളെ ***സംഖ്യാശ്രേണി*** എന്നു പറയാം.

**പ്രവർത്തനം 3**

പാഠപുസ്തകം പേജ് - 10 – ചോദ്യം 2

**അധിക പ്രവർത്തനങ്ങൾ**

*TB-page-10
Q.1, Q.3, Q.4, Q.5

## Teaching manual-2

ക്ലാസ്സ് : പത്താം തരം

വിഷയം : ഗണിതം

തിയതി

**പഠന നേട്ടങ്ങൾ**

*ശ്രേണികളുടെ നിയമം മനസിലാക്കി അവയുടെ ബീജഗണിതരൂപം കുട്ടി വിശദീകരിക്കുന്നു.

**ആശയങ്ങൾ / ധാരണകൾ**

*ശ്രേണികളുടെ ബീജ ഗണിതം

**ശേഷികൾ/മനോഭാവങ്ങൾ/മൂല്യങ്ങൾ**

*ഭൗതിക സാഹചര്യങ്ങളിലൂടെയും - ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ തമ്മിലുള്ള ബന്ധം മനസിലാക്കിയും ശ്രേണികളുടെ ബീജഗണിതം രൂപീകരിക്കാനുള്ള മാർഗം കണ്ടെത്തുന്നു

*പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.

**സാമഗ്രികൾ**

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 4...(Teaching manual ലെ പ്രവർത്തനം2 ന്റെ തുടർച്ച)**<br>***ഓരോ ഗ്രൂപ്പിലെയും സംഖ്യാശ്രേണികൾ BB ൽ പട്ടികപ്പെടുത്തുന്നു.***<br>*പട്ടിക 2 | |

| | സമഭുജത്രികോണം | സമചതുരം | സമഷഡ്ഭുജം |
|---|---|---|---|
| വശങ്ങളുടെ സംഖ്യാശ്രേണി | | | |
| ചുറ്റളവുകളുടെ സംഖ്യാശ്രേണി | | | |
| പരപ്പളവുകളുടെ സംഖ്യാശ്രേണി | | | |

**പ്രവർത്തനം 5**

*ഒന്നാമത്തേത്, രണ്ടാമത്തേത്, മൂന്നാമത്തേത്,... എന്നിങ്ങനെ ക്രമമായി പട്ടികപ്പെടുത്തുന്നു.

*പട്ടിക 3

| പദസ്ഥാനം | വശങ്ങളുടെ സംഖ്യാശ്രേണി പദങ്ങൾ | ചുറ്റളവുകളുടെ സംഖ്യാശ്രേണി പദങ്ങൾ | പരപ്പളവുകളുടെ സംഖ്യാശ്രേണി പദങ്ങൾ |
|---|---|---|---|
| **1** | | | |
| **2** | | | |
| **3** | | | |
| **4** | | | |
| **5** | | | |
| **6** | | | |
| **.** | | | |
| **.** | | | |
| **n** | | | |

abilashkalathil@gmail.com

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 6...(TB ലെ പേജ് 10 ലെ ചോദ്യം 2 ന്റെ തുടർച്ച)** | |

*ഓരോ ഗ്രൂപ്പിലെയും സംഖ്യാശ്രേണികൾ BB ൽ പട്ടികപ്പെടുത്തുന്നു.*

**പട്ടിക 4**

| | സമഭുജത്രികോണം | സമചതുരം | സമഷഡ്ഭുജം |
|---|---|---|---|
| വശങ്ങളുടെ സംഖ്യാശ്രേണി | | | |
| അകക്കോണുകളുടെ തുകയുടെ സംഖ്യാശ്രേണി | | | |
| പുറം കോണുകളുടെ തുകയുടെ സംഖ്യാശ്രേണി | | | |
| ഒരു അകക്കോണിന്റെ അളവിന്റെ സംഖ്യാശ്രേണി | | | |
| ഒരു പുറം കോണിന്റെ അളവിന്റെ സംഖ്യാശ്രേണി | | | |

**പ്രവർത്തനം 7**

*ഒന്നാമത്തേത്, രണ്ടാമത്തേത്, മൂന്നാമത്തേത്,... എന്നിങ്ങനെ ക്രമമായി ഇവ പട്ടികപ്പെടുത്തുന്നു.

*പട്ടിക 5

| പദസ്ഥാനം | വശങ്ങളുടെ സംഖ്യാശ്രേണി പദങ്ങൾ | അകക്കോണുകളുടെ തുകയുടെ സംഖ്യാശ്രേണി പദങ്ങൾ | പുറം കോണുകളുടെ തുകയുടെ സംഖ്യാശ്രേണി പദങ്ങൾ | ഒരു അകക്കോണിന്റെ അളവിന്റെ സംഖ്യാശ്രേണി പദങ്ങൾ | ഒരു പുറം കോണിന്റെ അളവിന്റെ സംഖ്യാശ്രേണി പദങ്ങൾ |
|---|---|---|---|---|---|
| **1** | | | | | |
| **2** | | | | | |
| **3** | | | | | |
| **4** | | | | | |
| **.** | | | | | |
| **.** | | | | | |
| **n** | | | | | |

**പ്രവർത്തനം 8**

*ഇരട്ട സംഖ്യകൾ, ഒറ്റ സംഖ്യകൾ, 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 വരുന്ന എണ്ണൽ സംഖ്യകൾ, 5 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 2 വരുന്ന എണ്ണൽ സംഖ്യകൾ, 1 ൽ അവസാനിക്കുന്ന എണ്ണൽ സംഖ്യകൾ, 1 ലോ 6 ലോ അവസാനിക്കുന്ന എണ്ണൽ സംഖ്യകൾ എന്നിവയുടെ സംഖ്യാശ്രേണികളുടെ ബീജഗണിതം പട്ടികപ്പെടുത്തികണ്ടെത്തുന്ന പ്രവർത്തനം.

abilashkalathil@gmail.com

**പട്ടിക 6**

| പദസ്ഥാനം | ഇരട്ട സംഖ്യാശ്രേണി പദം | ഒറ്റ സംഖ്യാശ്രേണി പദം | 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 വരുന്ന എണ്ണൽ സംഖ്യാശ്രേണി പദം | 5 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 വരുന്ന എണ്ണൽ സംഖ്യാശ്രേണി പദം | 1 ൽ അവസാനിക്കുന്ന എണ്ണൽ സംഖ്യാശ്രേണി പദം | 1 ലോ 6 ലോ അവസാനിക്കുന്ന എണ്ണൽ സംഖ്യാശ്രേണി പദം |
|---|---|---|---|---|---|---|
| **1** | | | | | | |
| **2** | | | | | | |
| **3** | | | | | | |
| **-** | | | | | | |
| **n** | | | | | | |

**അധിക പ്രവർത്തനങ്ങൾ**

*TB-page-15...Q.3

# Teaching manual-3

ക്ലാസ്സ് : പത്താം തരം

വിഷയം : ഗണിതം

തിയതി

***പഠന നേട്ടങ്ങൾ***

***വിവിധ ശ്രേണികളിൽ നിന്നും സമാന്തര ശ്രേണി തിരിച്ചറിഞ്ഞ് സമാന്തരശ്രേണികുട്ടി വിശദീകരിക്കുന്നു.**

***ആശയങ്ങൾ / ധാരണകൾ***

*സമാന്തരശ്രേണി

***ശേഷികൾ/മനോഭാവങ്ങൾ/മൂല്യങ്ങൾ***

*രൂപീകരിച്ച ശ്രേണികളിൽനിന്നും സമാന്തരശ്രേണികൾ കണ്ടെത്തുന്നു.

*പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.

***സാമഗ്രികൾ***

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

| **പ്രക്രിയ** | **വിലയിരുത്തൽ** |
|---|---|

***പ്രവർത്തനം 9***

*ഈ തീപ്പെട്ടിക്കൊള്ളികൾ ക്രമീകരിച്ചിരിക്കുന്നത് നോക്കൂ...




*** 1),2)** എന്നീ സന്ദർഭങ്ങളിൽ ഓരോ ജ്യാമിതീയ പാറ്റേണും നിർമ്മിക്കുവാൻ ഉപയോഗിച്ച തീപ്പെട്ടിക്കൊള്ളികളുടെ എണ്ണങ്ങളുടെ സംഖ്യാശ്രേണി പട്ടികപ്പെടുത്തുക.

****കണ്ടെത്തിയ സംഖ്യാശ്രേണികൾ BB ൽ എഴുതുന്നു.***

*പട്ടിക 7

| ക്രമനമ്പർ | സംഖ്യാശ്രേണി | അടുത്തടുത്ത രണ്ട് പദങ്ങൾ തമ്മിലുള്ള അകലം | സമാന്തരശ്രേണി അതെ/അല്ല |
|---|---|---|---|
| **1** | **2,4,6,8,10, ...** | | |
| **2** | **3,5,7,9,11, ...** | | |
| **3** | **1,2,3,4,5,6, ...** | | |
| **4** | **3,6,9,12,15, …** | | |
| **5** | **√¾1,√¾4,√¾9,√¾16, …** | | |
| **6** | **4,8,12,16,20,24, …** | | |
| **7** | **1,4,9,16,25,36, …** | | |
| **8** | **6,12,18,24,30, …** | | |
| **9** | **180,360,540,720, …** | | |
| **10** | **360,360,360,360,360, …** | | |
| **11** | **- - - - - - - - - - - - - ...** | | |
| **12** | **- - - - - - - - - - - - - ...** | | |

abilashkalathil@gmail.com

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 10**<br><br>* ചർച്ച<br>പട്ടികപ്പെടുത്തിയ ശ്രേണികളിലെ അടുത്തടുത്ത രണ്ട് പദങ്ങൾ തമ്മിലുള്ള അകലത്തിന്റെ പ്രത്യേകതകളുമായി ബന്ധപ്പെട്ട ചർച്ച.<br>*ഒരു ശ്രേണിയിലെ അടുത്തടുത്ത രണ്ട് പദങ്ങൾ തമ്മിലുള്ള അകലം കാണുക?<br>*ആശ്രേണിയിൽ എല്ലായിടത്തും അത് തുല്യമോ?<br>*ഇത്തരം ശ്രേണികൾ പട്ടികപ്പെടുത്തുക...<br>*ഓരോ ശ്രേണിയിലെയും ഒരു പദം തന്നിരുന്നാൽ തൊട്ടടുത്ത പദം എഴുതുന്നതിനുള്ള മാർഗം എന്ത്?<br>***ഒരു സംഖ്യയിൽനിന്നു തുടങ്ങി, ഒരേ സംഖ്യ തന്നെ വീണ്ടും വീണ്ടും കൂട്ടി കിട്ടുന്ന ശ്രേണിയ്ക്ക് <u>സമാന്തരശ്രേണി</u> എന്നാണ് പേര്...**<br>***തുടങ്ങിയ സംഖ്യ അഥവാ ആദ്യസംഖ്യ സമാന്തരശ്രേണിയുടെ <u>ആദ്യപദ</u>മെന്നും അടുത്തടുത്ത രണ്ട് പദങ്ങൾ തമ്മിലുള്ള അകലത്തെ അഥവാ കൂട്ടാനുപയോഗിച്ച സംഖ്യയെ <u>പൊതുവ്യത്യാസ</u>മെന്നും വിളിക്കുന്നു.**<br><br>**പ്രവർത്തനം 11**<br>page No:17….Q.1………………..page No: 18…..Q.2,Q.3,Q.4,Q5 | **<u>അധിക പ്രവർത്തനങ്ങൾ</u>**<br>**n ന് എണ്ണൽ സംഖ്യകൾ നല്കിശ്രേണികൾ രൂപീകരിച്ചുനോക്കു... എന്താണ് കാണുവാൻ കഴിയുന്നത് ? വിശകലനം ചെയ്യുക?**<br><br>**a) 2n-1**<br>**b) (n-1)(n-2)(n-3) + 2n-1**<br>**c) n(n-1)(n-2)(n-3) + 2n-1**<br>**d) 2n(n-1)(n-2)(n-3) + 2n-1**<br>**e) 3n(n-1)(n-2)(n-3) + 2n-1**<br>**f) (n-1)(n-2)(n-3)(n-4) + 2n-1** |

abilashkalathil@gmail.com

# Teaching manual-4

ക്ലാസ്സ് : പത്താം തരം

വിഷയം : ഗണിതം

തിയതി

***പഠന നേട്ടങ്ങൾ***

***പൊതുവ്യത്യാസമുപയോഗിച്ച് സമാന്തര ശ്രേണിയിലെ മറ്റ് പദങ്ങൾ കണ്ടെത്തുന്ന രീതി കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയിലെ ചിലപദങ്ങളുപയോഗിച്ച് മറ്റ് പദങ്ങൾ കണ്ടെത്തുന്ന രീതി കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയിലെ ചിലപദങ്ങളുപയോഗിച്ച് പൊതുവ്യത്യാസം കണ്ടെത്തുന്ന രീതി കുട്ടി വിശദീകരിക്കുന്നു.**

***ആശയങ്ങൾ / ധാരണകൾ***

*സമാന്തരശ്രേണിയിലെ പദങ്ങളും അവയുടെ സ്ഥാനവും

***ശേഷികൾ/മനോഭാവങ്ങൾ/മൂല്യങ്ങൾ***

*പദങ്ങൾ തന്നിരുന്നാൽ പൊതുവ്യത്യാസം കണ്ടെത്തുന്നു.

*പദങ്ങൾ തന്നിരുന്നാൽ സമാന്തരശ്രേണിരൂപീകരിക്കുന്നു.

*ഒരു പദവും പൊതുവ്യത്യാസവും തന്നിരുന്നാൽ സമാന്തരശ്രേണി രൂപീകരിക്കുന്നു.

*പദങ്ങൾ തന്നിരുന്നാൽ സമാന്തരശ്രേണിയിലെ ഏതുപദവും കണ്ടെത്തുന്നു.

*പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.

***സാമഗ്രികൾ***

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

| പ്രക്രിയ | വിലയിരുത്തൽ |
|---|---|

**പ്രവർത്തനം 12**

*1,21 എന്നീ സംഖ്യകൾ ആദ്യത്തെയും രണ്ടാമത്തെയും പദങ്ങളായി ഒരു സമാന്തരശ്രേണി ഉണ്ടാക്കാമോ?

***(ഓരോ പദവും ആദ്യ പദവും പൊതുവ്യത്യാസവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന ചർച്ച നടത്തുന്നു.)***

*ഒന്നാം പദത്തിനോട് എത്ര പൊതു വ്യത്യാസം കൂട്ടിയാലാണ് രണ്ടാം പദം കിട്ടുന്നത്?

*ഒന്നാം പദത്തിനോട് എത്ര പൊതു വ്യത്യാസം കൂട്ടിയാലാണ് മൂന്നാം പദം കിട്ടുന്നത്?

- - - - - - - - - - - - - - - - - - - - - - - - - - - ...

*മൂന്നാം പദത്തിനോട് എത്ര പൊതു വ്യത്യാസം കൂട്ടിയാലാണ് അഞ്ചാം പദം കിട്ടുന്നത്?

- - - - - - - - - - - - - - - - - - - - - - - - - - - - ...

*അഞ്ചാം പദത്തിൽ നിന്നും എത്ര പൊതു വ്യത്യാസം കുറച്ചാലാണ് ഒന്നാം പദം കിട്ടുന്നത്?

*ഏഴാം പദത്തിൽ നിന്നും എത്ര പൊതു വ്യത്യാസം കുറച്ചാലാണ് ഒന്നാം പദം കിട്ടുന്നത്?

*ഏഴാം പദത്തിൽ നിന്നും എത്ര പൊതു വ്യത്യാസം കുറച്ചാലാണ് രണ്ടാം പദം കിട്ടുന്നത്?

- - - - - - - - - - - - - - - - - - - - - - - - - - - ...

*1,21 എന്നീ സംഖ്യകൾ ആദ്യത്തെയും മൂന്നാമത്തെയും പദങ്ങളായി ഒരു സമാന്തരശ്രേണി ഉണ്ടാക്കാമോ?

*1,21 എന്നീ സംഖ്യകൾ ആദ്യത്തെയും അഞ്ചാമത്തെയും പദങ്ങളായി ഒരു സമാന്തരശ്രേണി ഉണ്ടാക്കാമോ?

abilashkalathil@gmail.com

**പ്രവർത്തനം 13**

*പട്ടിക 8

| പദവ്യത്യാസം | പദ സ്ഥാന വ്യത്യാസം | പൊതുവ്യത്യാസം |
|---|---|---|
| 81-21 = 60 | 5-2 = 3 | 20 |
| 41-21 = 20 | 3-2 = 1 | 20 |
| - - - | - - - | - - - |

***പദവ്യത്യാസം, പദ സ്ഥാന വ്യത്യാസം, പൊതുവ്യത്യാസം എന്നിവ തമ്മിലുള്ള ബന്ധം എന്ത്?**

***പദവ്യത്യാസം = പദ സ്ഥാന വ്യത്യാസം x പൊതുവ്യത്യാസം**

***സമാന്തരശ്രേണിയിൽ ഏതു രണ്ടു പദങ്ങളുടെയും പദവ്യത്യാസം, അവയുടെ സ്ഥാന വ്യത്യാസത്തിന് ആനുപാതികമാണ്. ആനുപാതിക സംഖ്യ പൊതുവ്യത്യാസമാണ്**

**TB...page 21...Q.6**

*(വിലയിരുത്തൽ)*

**അധിക പ്രവർത്തനങ്ങൾ**

**TB...page 21...Q.1**

**അധിക പ്രവർത്തനങ്ങൾ**

**TB...page 21...Q.2,Q.3**

**TB...page 21...Q.4,Q.5,Q.7**

*****10 ന്റെ ഏത് കൃതിയും 19,28,37,… എന്ന സമാന്തര ശ്രേണിയിലെ പദമാണോ?**

**പൊതു വ്യത്യാസം 7 ആയ ഒരു സമാന്തരശ്രേണിയുടെ 10-ാം പദം 123 ആണ് , 32 ഈ ശ്രേണിയിലെ ഒരുപദമാണോ? എന്തുകൊണ്ട് ? സമർത്ഥിക്കുക?**

# Teaching manual-5

ക്ലാസ്സ് : പത്താം തരം

വിഷയം : ഗണിതം

തിയതി

***പഠന നേട്ടങ്ങൾ***

***സമാന്തര ശ്രേണിയുടെ ബീജഗണിത രീതി കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയിലെ തുടർച്ചയായ മൂന്ന് പദങ്ങളുടെ തുക മധ്യ പദത്തിന്റെ മൂന്ന് മടങ്ങാണ് കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയിലെ തുടർച്ചയായ അഞ്ച് പദങ്ങളുടെ തുക മധ്യ പദത്തിന്റെ അഞ്ച് മടങ്ങാണ് കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയിലെ തുടർച്ചയായ മൂന്ന് പദങ്ങളിൽ ഒന്നാം പദത്തിന്റെയും മൂന്നാം പദത്തിന്റെയും തുകയുടെ പകുതി മധ്യ പദമാണെന്ന് കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയിലെ തുടർച്ചയായ അഞ്ച് പദങ്ങളിൽ ഒന്നാം പദത്തിന്റെയും അഞ്ചാം പദത്തിന്റെയും തുകയുടെ പകുതി മധ്യ പദമാണെന്ന് കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയിലെ ആദ്യ പദത്തിന്റെയും അവസാനപദത്തിന്റെയും തുകയുടെ പകുതി മധ്യ പദമാണെന്ന് കുട്ടി വിശദീകരിക്കുന്നു.**

***ഒരു സമാന്തര ശ്രേണിയുടെ $f$-ആദ്യപദവും $d$-പൊതുവ്യത്യാസവും ആയിരുന്നാൽ n-ാം പദം $X_n = dn + f-d$**

***ഒരു സമാന്തര ശ്രേണിയുടെ n-ാം പദം $X_n = an+b$ ആയിരുന്നാൽ ആദ്യപദവും $a+b$ യും, പൊതുവ്യത്യാസവും $a$ യും എന്ന് കുട്ടി വിശദീകരിക്കുന്നു.**

***പൊതുരൂപത്തിൽ നിന്ന് സമാന്തര ശ്രേണി രൂപീകരിക്കുന്നത് കുട്ടി വിശദീകരിക്കുന്നു.**

***ആശയങ്ങൾ / ധാരണകൾ***

***സമാന്തര ശ്രേണിയുടെ ബീജഗണിതം**

***ശേഷികൾ/മനോഭാവങ്ങൾ/മൂല്യങ്ങൾ***

*സാമാന്യവൽക്കരണത്തിലൂടെ പൊതുരൂപം കണ്ടെത്തുന്നു.

*പൊതുരൂപത്തിൽ നിന്ന് സമാന്തര ശ്രേണി രൂപീകരിക്കുന്നു.

*പൊതുരൂപത്തിൽ നിന്ന് ആദ്യപദവും, പൊതുവ്യത്യാസവും കണ്ടെത്തുന്നു.

*പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.

***സാമഗ്രികൾ***

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 14**<br>*1,11,21,31,41,51,61,71,81,91,101,…<br>*ചർച്ച<br>*തുടർച്ചയായ മൂന്ന് പദങ്ങളുടെ തുകയും മധ്യ പദവും തമ്മിലുള്ള ബന്ധം<br>*ആദ്യ പദത്തിന്റെയും അവസാനപദത്തിന്റെയും തുകയും മധ്യ പദവും തമ്മിലുള്ള ബന്ധം | **അധിക പ്രവർത്തനങ്ങൾ**<br>**TB...page 26...Q.1,Q.2,Q.3,Q.4**<br>*****TB...page 27...Q.11** |
| **പ്രവർത്തനം 15**<br>*11,21,31,41,51,61,71,81,91,101,…<br>*ഒന്നാം പദവും പൊതുവ്യത്യാസവും കാണുക<br>*2-ാം പദം = 1-ാം പദം +__ x പൊതുവ്യത്യാസം<br>*3-ാം പദം = 1-ാം പദം +__ x പൊതുവ്യത്യാസം<br>*4-ാം പദം = 1-ാം പദം +__ x പൊതുവ്യത്യാസം<br>- - - - - - - - - - - - - - - - - - - - - - - - - - - - - - …<br>*n-ാം പദം = 1-ാം പദം +__ x പൊതുവ്യത്യാസം<br>**ഒരു സമാന്തര ശ്രേണിയുടെ $f$-ആദ്യപദവും $d$-പൊതുവ്യത്യാസവും ആയിരുന്നാൽ**<br>**n-ാം പദം $X_n = dn + f-d$**<br>**ഏതൊരു സമാന്തരശ്രേണിയുടെയും ബീജഗണിതരൂപം $X_n = an+b$**<br>**ആദ്യപദം a+b, പൊതുവ്യത്യാസം-a**<br>* ചില സമാന്തര ശ്രേണികളുടെ n-ാം പദം ചുവടെ തന്നിരിക്കുന്നു, ശ്രേണി രൂപീകരിക്കുക.<br>1) 3n+2 , 2) 4n+3 , 3) 5n+2 , 4) 5n+3 , 5) 3n-2 , 6) 4n-3 , 7) 5n-2 , 8) 5n-3 | **അധിക പ്രവർത്തനങ്ങൾ**<br>*****TB...page 26...Q.5,Q.6**<br>* ½, ¾, 1, … എന്ന സമാന്തര ശ്രേണിയുടെ n-ാം പദം കാണുക? |

abilashkalathil@gmail.com

## Teaching manual-6

ക്ലാസ്സ് : പത്താം തരം
വിഷയം : ഗണിതം
തിയതി

***പഠന നേട്ടങ്ങൾ***

***സമാന്തര ശ്രേണിയുടെ ബീജഗണിതത്തിലൂടെ പ്രശ്നപരിഹരണം കുട്ടി വിശദീകരിക്കുന്നു.**

***ആശയങ്ങൾ / ധാരണകൾ***

***ശ്രേണികളുടെ ബീജഗണിതം**

***സമാന്തര ശ്രേണിയുടെ ബീജഗണിതം - പ്രശ്നാപഗ്രഥനം**

***ശേഷികൾ/മനോഭാവങ്ങൾ/മൂല്യങ്ങൾ***

*ശ്രേണിയുടെ ബീജഗണിതത്തിലൂടെ സാമാന്യവൽക്കരിച്ച് പ്രശ്നപരിഹാരം കണ്ടെത്തുന്നു.

*പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.

***സാമഗ്രികൾ***

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 16**<br>*എണ്ണൽ സംഖ്യാശ്രേണിയുടെ $n$-ാംപദം എഴുതുക?<br>* ആദ്യപദം $\frac{1}{3}$ ഉം പൊതുവ്യത്യാസം $\frac{1}{6}$ ഉം ആയ സമാന്തരശ്രേണി എഴുതുക?<br>* n-ാം പദം എഴുതുക?<br>* $\frac{n+1}{6}$ ൽ n ന്റെ ഏതൊക്കെ വിലയ്ക്കാണ് ( n+1) എന്നത് 6 ന്റെ ഗുണിതമായിവരുന്നത്?<br>* n = 5,11,17,23,29,… എന്നീ വിലകൾ $\frac{n+1}{6}$ ൽ കൊടുക്കുമ്പോൾ ലഭിക്കുന്ന ശ്രേണി എഴുതുക?ഈ ശ്രേണിയിലെ പദങ്ങളുടെ പ്രത്യേകതയെന്ത്? ഈ ശ്രേണിയിലെ പദങ്ങളും അദ്യ സമാന്തരശ്രേണിയുമായുള്ള ബന്ധം?<br>* ആദ്യ സമാന്തരശ്രേണിയിൽ എല്ലാ എണ്ണൽ സംഖ്യകളും ഉണ്ടായിരിക്കുമോ? സമർഥിക്കുക? | **അധിക പ്രവർത്തനങ്ങൾ**<br>***TB...page 26...Q.8**<br>**ആദ്യപദവും $\frac{2}{3}$ പൊതുവ്യത്യാസവും തന്നെ ആയ സമാന്തര ശ്രേണിയിൽ എല്ലാ ഇരട്ട സംഖ്യകളുണ്ടെന്നും ഒരു ഒറ്റ സംഖ്യപോലും ഇല്ലെന്നും തെളിയിക്കുക.** |
| **പ്രവർത്തനം 17**<br>* 3 ന്റെ ഗുണിതങ്ങളുടെ ശ്രേണി എഴുതുക?<br>* ഈ ശ്രേണിയിലെ പദങ്ങളുടെ വർഗങ്ങൾ കാണുക? അവ 3 ന്റെ ഗുണിതങ്ങളുടെ ശ്രേണിയിലുണ്ടോ?<br>* ഇതെങ്ങനെ സാമാന്യ വൽക്കരിക്കുക? | പൂർണ്ണവർഗങ്ങൾ ഒന്നും ഇല്ലാത്തതും 4 പൊതുവ്യത്യാസവുമായ ഒരു സമാന്തരശ്രേണി എഴുതുക? |
| **പ്രവർത്തനം 18**<br>* 3 ന്റെ ഗുണിതങ്ങളുടെ ശ്രേണിയിലെ പദങ്ങളോട് 1 കൂട്ടിയ ശ്രേണി എഴുതുക?<br>* ഈ ശ്രേണിയിലെ പദങ്ങളുടെ വർഗങ്ങൾ കാണുക? അവ 3 ന്റെ ഗുണിതങ്ങളുടെ ശ്രേണിയിലെ പദങ്ങളോട് 1 കൂട്ടിയ ശ്രേണിയിലുണ്ടാവുമോ? സാമാന്യ വൽക്കരിക്കുക? | |
| **പ്രവർത്തനം 19**<br>* 3 ന്റെ ഗുണിതങ്ങളുടെ ശ്രേണിയിലെ പദങ്ങളോട് 2 കൂട്ടിയ ശ്രേണി എഴുതുക?<br>*ഈ ശ്രേണിയിലെ പദങ്ങളുടെ വർഗങ്ങൾ കാണുക? അവ 3 ന്റെ ഗുണിതങ്ങളുടെ ശ്രേണിയിലെ പദങ്ങളോട് 2 കൂട്ടിയ ശ്രേണിയിലുണ്ടാവുമോ? സാമാന്യ വൽക്കരിക്കുക? | |
| **പ്രവർത്തനം 20**<br>*****TB...page 27...Q.9**<br>*****TB...page 28...Q.10** | |

abilashkalathil@gmail.com

## Teaching manual-7

ക്ലാസ്സ് : പത്താം തരം

വിഷയം : ഗണിതം

തിയതി

***പഠന നേട്ടങ്ങൾ***

***1 മുതൽ n വരെയുള്ള എണ്ണൽ സംഖ്യകളുടെ തുക (ബീജഗണിത രീതി ) $\frac{n(n+1)}{2}$ എന്ന് കുട്ടി വിശദീകരിക്കുന്നു.**

***1 മുതൽ തുടർച്ചയായ കുറേ എണ്ണൽ സംഖ്യകളുടെ തുക, അവസാന സംഖ്യയുടെയും അതിനടുത്ത എണ്ണൽ സംഖ്യയുടെയും ഗുണനഫലത്തിന്റെ പകുതിയാണെന്ന് കുട്ടി വിശദീകരിക്കുന്നു.**

***സമാന്തര ശ്രേണിയുടെ തുക കണ്ടു പിടിക്കാനുള്ള മാർഗങ്ങൾ മനസിലാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.**

***ആശയങ്ങൾ / ധാരണകൾ***

***1 മുതൽ തുടർച്ചയായ കുറേ എണ്ണൽ സംഖ്യകളുടെ തുക കാണുന്നത്**

***തുകയുടെ ബീജഗണിതം - പ്രശ്നാപഗ്രഥനം**

***ശേഷികൾ/മനോഭാവങ്ങൾ/മൂല്യങ്ങൾ***

*1 മുതൽ തുടർച്ചയായ കുറേ എണ്ണൽ സംഖ്യകളുടെ തുക ബീജഗണിതത്തിലൂടെ സാമാന്യവൽക്കരിച്ച് പ്രശ്നപരിഹാരം കണ്ടെത്തുന്നു.

*പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.

***സാമഗ്രികൾ***

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 21**<br>*ഈ ചിത്രം നോക്കൂ...<br>*ആകെ എത്ര പൊട്ടുകളുണ്ട്?<br>ചിത്രം.1 <br>*ഈ ത്രികോണത്തിൽ എത്ര പൊട്ടുകളുണ്ട്?<br>*ഓരോ വരിയിലെയും എണ്ണിയാലോ?<br>1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 + 10 = ?<br>* മറ്റൊരു മാർഗം നോക്കിയാലോ?<br>ചിത്രം.2 <br>* ദാ ഈ ത്രികോണം നോക്കൂ...<br>ചിത്രം.3 <br>*ചിത്രം 2 ലെയും ചിത്രം 3 ലെയും ത്രികോണങ്ങൾ ചേർത്തു വച്ചാലോ?<br>* ഇപ്പോൾ ഈ ചതുരത്തിലെ പൊട്ടുകളുടെ എണ്ണം എത്ര?<br>* എങ്കിൽ ആദ്യ ത്രികോണത്തിലെ പൊട്ടുകളുടെ എണ്ണം എങ്ങനെ പറയാം?<br><br>ചിത്രം.4 | |

abilashkalathil@gmail.com

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 22**<br>*TB ലെ ഗണിത കഥ അവതരിപ്പിക്കുന്നു. വിശദീകരണം നടത്തുന്നു.<br>**S = 1+ 2+ 3+ 4+ 5+ 6+ 7+ 8+ 9+10**<br>**S = 10+ 9+ 8+ 7+ 6+ 5+ 4+ 3+ 2+ 1** **എന്നെടുത്ത് ഒരേ സ്ഥാനത്തുള്ള സംഖ്യകൾ കൂട്ടിനോക്കൂ?**<br>**2S = 11+11+11+11+11+11+11+11+11+11** എത്ര 11 കൾ?<br>**S = ½ X 10 x 11**<br>*എങ്കിൽ മഹാനായ ഗൗസിന്റെ എളുപ്പവഴി എന്തായിരിക്കാം?<br>**S = 1+ 2+ 3+ 4+ 5+ … + 96+ 97+ 98+ 99+ 100**<br>**S = 100+ 99+ 98+ 97+ 96+ … + 5+ 4+ 3+ 2+ 1**<br>**2S = 101+101+101+101+ 101+ … +101+ 101+101+101+ 101** എത്ര **101** കൾ?<br>**S = ½ X 100 x 101**<br>*** ബീജ ഗണിത ഭാഷയിൽ പറഞ്ഞാലോ?**<br>**1+ 2+3+ 4+ 5+ … + n =** $\frac{n(n+1)}{2}$<br>***1 മുതൽ തുടർച്ചയായ കുറേ എണ്ണൽ സംഖ്യകളുടെ തുക, അവസാന സംഖ്യയുടെയും അതിനടുത്ത എണ്ണൽ സംഖ്യയുടെയും ഗുണനഫലത്തിന്റെ പകുതിയാണ്** | **അധിക പ്രവർത്തനങ്ങൾ**<br>***TB...page 33...Q.5 , Q.7** |

## Teaching manual- 8

ക്ലാസ്സ് : പത്താം തരം

വിഷയം : ഗണിതം

തിയതി

***പഠന നേട്ടങ്ങൾ***

***സമാന്തര ശ്രേണിയുടെ തുക കണ്ടു പിടിക്കാനുള്ള മാർഗങ്ങൾ മനസിലാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.**

***ആശയങ്ങൾ / ധാരണകൾ***

***സമാന്തരശ്രേണിയുടെ ബീജഗണിത രൂപം**

***1 മുതൽ തുടർച്ചയായ കുറേ എണ്ണൽ സംഖ്യകളുടെ തുക കാണുന്നത്**

***തുകയുടെ ബീജഗണിതം - പ്രശ്നാപഗ്രഥനം**

***ശേഷികൾ/മനോഭാവങ്ങൾ/മൂല്യങ്ങൾ***

*ഒരു സമാന്തരശ്രേണിയുടെ ബീജഗണിത രൂപം $x_n = an+b$ ആണെങ്കിൽ,
അതിലെ ആദ്യത്തെ $n$ പദങ്ങളുടെ തുക $x_1+x_2+x_3+x_4+x_5+\ldots+x_n = \frac{an(n+1)}{2}+bn$

*** തുക ബീജഗണിതത്തിലൂടെ സാമാന്യവൽക്കരിച്ച് പ്രശ്നപരിഹാരം കണ്ടെത്തുന്നു.**

***പരിഹരണത്തിനനുയോജ്യമായി പ്രശ്നാപഗ്രഥനം നടത്തുന്നു.**

***സാമഗ്രികൾ***

*ജ്യാമിതി പെട്ടി ,പാഠപുസ്തകം ,ചാർട്ട് പേപ്പർ ,മാർക്കർ പേന

abilashkalathil@gmail.com

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം 23**<br>ഒരു സമാന്തരശ്രേണിയുടെ **n-ാം** പദം $x_n = an+b$ ആയാൽ<br>$x_1 = a \times 1 + b$<br>$x_2 = a \times 2 + b$<br>$x_3 = a \times 3 + b$<br>$x_4 = a \times 4 + b$<br>— — —<br>$x_n = a \times n + b$<br>$x_1 + x_2 + x_3 + x_4 + \ldots + x_n = a \times 1 + b + a \times 1 + b + a \times 1 + b + a \times 1 + b + \ldots + a \times n + b$<br>$= a\,(1+2+3+4+\ldots+n) + nb$<br>$= a\,\frac{n(n+1)}{2} + nb$<br>***** TB...page32 ...Q.1 , page33 ...Q.2, Q.3, Q.4, Q.8, Q.10** | |

| പ്രക്രിയ | വിലയിരുത്തൽ |
|---|---|

## പ്രവർത്തനം 24

പട്ടികയിലുള്ള ശ്രേണികൾ സമാന്തരശ്രേണികളാണ്

*പട്ടിക 9

| ക്രമ നമ്പർ | സമാന്തര ശ്രേണി | തുക | മധ്യപദം | എണ്ണം |
|---|---|---|---|---|
| 1 | 2 , 7 , 12 | 2+7+12 = 21 | | |
| 2 | 2 , 7 , 12 , 17 , 22 | . . . | | |
| 3 | 2, 7, 12, 17, 22, 27, 32 | . . . | | |
| 4 | 2, 7, 12, 17, 22, 27, 32, 37, 42 | . . . | | |

* തുകയും മധ്യപദവും എണ്ണവും തമ്മിലുള്ള ബന്ധം എന്ത്?

തുക = എണ്ണം x മധ്യപദം

## പ്രവർത്തനം 25

പട്ടികയിലുള്ള ശ്രേണികൾ സമാന്തരശ്രേണികളാണ്

*പട്ടിക 10

| ക്രമ നമ്പർ | സമാന്തര ശ്രേണി | തുക | മധ്യപദം | എണ്ണം |
|---|---|---|---|---|
| 1 | 2 , 7 , 12 | 21 | $7 = \frac{2+12}{2}$ | 3 |
| 2 | 2 , 7 , 12 , 17 , 22 | . . . | | |
| 3 | 2, 7, 12, 17, 22, 27, 32 | . . . | | |
| 4 | 2, 7, 12, 17, 22, 27, 32, 37, 42 | . . . | | |

അധിക പ്രവർത്തനങ്ങൾ
TB...page32 ...Q.1 , page33 ... Q.4

* മധ്യപദം ഇവിടെ കണ്ടെത്തിയത് എങ്ങനെ?
* എങ്കിൽ തുക എങ്ങനെ എഴുതാം?

*ഒരു സമാന്തരശ്രേണിയുടെ ബീജഗണിത രൂപം $x_n = an+b$ ആണെങ്കിൽ,

* ആദ്യപദം എന്ത്?

*അതിലെ ആദ്യത്തെ *n* പദങ്ങളുടെ തുക കാണുക?

* തുക $= (\frac{a}{2})n^2 + (\frac{a}{2}+b)n$

$n^2$ ന്റെ ഗുണകം പൊതുവ്യത്യാസത്തിന്റെ പകുതി

$n^2$ ന്റെയും n ന്റെയും ഗുണകങ്ങളുടെ തുക ആദ്യപദം

അധിക പ്രവർത്തനങ്ങൾ
TB...page33 ...Q.6

## പ്രവർത്തനം 26

* 2, 7, 12, 17, 22, 27, 32, 37, 42, 47, 52, 57, 62, 67, 72
- ഈ സമാന്തര ശ്രേണിയിലെ ആദ്യ പദവും 15–ാം പദവും ഏവ?
- അവയുടെ മധ്യപദം ഏത്? പദങ്ങളുടെ തുകയെന്ത്?
- ഈ സമാന്തര ശ്രേണിയിലെ 2–ാം പദവും 14–ാം പദവും ഏവ?
- അവയുടെ മധ്യപദം ഏത്? പദങ്ങളുടെ തുകയെന്ത്?
- ഇങ്ങനെ തുടർന്നാൽ കാണുന്ന പ്രത്യേകതയെന്ത്?

abilashkalathil@gmail.com